General Form of File SLL/SLL1- II/56/2026 Approved by Director incharge (SLL) on 20-Jun-2026 03:57 PM - Page 1

**കണ്ണൂർ സർവ്വകലാശാല**

**സെന്റർ ഫോർ പ്രൈവറ്റ് രജിസ്ട്രേഷൻ**

**സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ്**

**പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പ്രോഗ്രാമുകൾ**

നം. SLL/SLL1- II/56/2026 (I) കണ്ണൂർ; തീയ്യതി: 20.06.2026

**പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പ്രോഗ്രാമുകൾ (സപ്ലിമെന്ററി – 2020 മുതൽ 2023 വരെ പ്രവേശനം) ഒന്നാം സെമസ്റ്റർ നവംബർ 2025 സപ്ലിമെന്ററി പരീക്ഷ – ഇന്റേണൽ ഇവാലേഷൻ - അസൈൻമെന്റ് സമർപ്പണം സംബന്ധിച്ച മാർഗനിർദേശങ്ങൾ (സംക്ഷിപ്തം)**

1. പ്രൈവറ്റ് രജിസ്ട്രേഷൻ (**2020 മുതൽ 2023 വരെ പ്രവേശനം)** ഒന്നാം സെമസ്റ്റർ നവംബർ 2025 സപ്ലിമെന്ററി സെഷൻ ബി.കോം., ബി.ബി.എ., ബി.എ. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമാണ് അവരുടെ ഇന്റേണൽ ഇവാലേഷന്റെ ഭാഗമായുള്ള അസൈൻമെന്റ് സമർപ്പിക്കാൻ അവസരമുള്ളത്. അസൈൻമെന്റ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. . അസൈൻമെന്റ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾ, എക്സ്റ്റേണൽ പരീക്ഷ എഴുതിയാലും, ഗ്രേഡിന് അർഹരായിരിക്കില്ല.

2. ഒരോ കോഴ്സിന്റെയും (പേപ്പറിന്റെ) അസ്സൈൻമെന്റിന്റെ ഫീസിനത്തിൽ, ₹90/- ക നിരക്കിൽ ആകെ ഫീസിനൊപ്പം ₹150/- ക പിഴയും ഉൾപ്പെടെയുള്ള തുക ലോഗിൻ പേജിൽ തന്നെയുള്ള പേയ്മെന്റ് ലിങ്കിലൂടെ മാത്രം ഒടുക്കേണ്ടതാണ്.

3. ഫീസ് അടയ്ക്കുന്നതിനും തുടർന്ന് ചോദ്യപേപ്പർ/ കവറിങ് ഷീറ്റ് എന്നിവ ഡൗൺലോഡ് ചെയ്യുന്നതിനും വെബ് സൈറ്റിൽ (www.kannuruniversity.ac.in) ***Academics > Private Registration > Assignment > UG >*** **Supplementary ( 2020 to 2023 Admission)** എന്ന ലിങ്കിൽ എൻറോൾമെന്റ് നമ്പറും ജനനത്തീയതിയും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. "Verify and confirm your data" എന്നതിന് താഴെ ഒന്നാം സെമസ്റ്റർ നവംബർ 2025 സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കോഴ്സുകളുടെ പട്ടിക പരിശോധിക്കുക. പട്ടിക ശരിയാണെന്ന് ഉറപ്പായാൽ, "Save and Continue" ക്ലിക്ക് ചെയ്ത് നിശ്ചിത ഫീസ് അടയ്ക്കുക.പേപ്പറുകളുടെ പേരുകളിൽ മാറ്റം കണ്ടാൽ, ഹാൾ ടിക്കറ്റിന്റെ പകർപ്പ് സഹിതം development@kannuruniv.ac.in എന്ന ഇമെയിൽ വിലാസത്തിൽ ഐ.ടി സെല്ലിനെ അറിയിക്കുക. ഓൺലൈൻ ആയി അസൈൻമെന്റ് ഫീസ് അടയ്ക്കുന്ന വേളയിൽ യാതൊരു കാരണവശാലും BACK BUTTON ക്ലിക്ക് ചെയ്യുകയോ വെബ് പേജ് REFRESH ചെയ്യുകയോ അരുത്. ASSIGNMENT FEE REMITTANCE DETAILS സ്ക്രീനിൽ കാണുന്നതുവരെ കാത്തിരിക്കേണ്ടതാണ്. ഫീസ് അടച്ച ശേഷം, അസൈൻമെന്റ് ചോദ്യപേപ്പറും കവറിങ് ഷീറ്റും ഡൗൺലോഡ് ചെയ്യുക. തങ്ങൾ തിരഞ്ഞെടുത്ത കോഴ്സിന്റെ ചോദ്യങ്ങൾ/ കവറിങ് ഷീറ്റ് അല്ല ലഭിച്ചതെങ്കിൽ IT Cell (**development@kannuruniv.ac.in**), SLL General Section **sosll1@kannuruniv.ac.in**) എന്നീ വിഭാഗങ്ങളെ ഇ മെയിൽ മുഖേന അറിയിക്കേണ്ടതാണ്. .

4. ഓരോ കോഴ്സിനും കവറിങ് ഷീറ്റ് ലഭ്യമാണ്. ഫീസ് അടച്ച ശേഷം ലഭിക്കുന്ന കവറിങ് ഷീറ്റ് മാത്രം ഉപയോഗിക്കുക. എൻറോൾമെന്റ് നമ്പർ, ഫീസ് വിവരങ്ങൾ, കോഴ്സിന്റെ പേര് എന്നിവ ഓരോ കോഴ്സിന്റെയും കവറിങ് ഷീറ്റിൽ ശരിയായി ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കവറിങ് ഷീറ്റിലെ Declaration വിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തി ഒപ്പിടേണ്ടതാണ്. ഇപ്രകാരമല്ലാത്ത കവറിങ് ഷീറ്റ് ഉപയോഗിച്ചോ, മറ്റു രീതിയിൽ ഫീസ് ഒടുക്കിയോ സമർപ്പിക്കുന്ന അസൈൻമെന്റ് സ്വീകരിക്കുന്നതല്ല.

5. കവറിങ് ഷീറ്റിൽ രേഖപ്പെടുത്തിയ കോഴ്സിന്റെ അസൈൻമെന്റ് തന്നെയായിരിക്കണം അതോടൊപ്പം ചേർത്തുവയ്ക്കേണ്ടത്. അല്ലാത്തവ മൂല്യനിർണയം നടത്താതെ നിരസിക്കുന്നതും "ABSENT" ആയി പരിഗണിക്കുന്നതുമായിരിക്കും. ഒരു സെമസ്റ്ററിലെ ഓരോ കോഴ്സിന്റെയും അസൈൻമെന്റുകൾ പ്രത്യേക ഷീറ്റുകളിൽ എഴുതേണ്ടതാണ്.

6. ഒരു കോഴ്സിന്റെ അസൈൻമെന്റിന്റെ ഭാഗമായി, തന്നിരിക്കുന്ന 8 ESSAY TYPE ചോദ്യങ്ങളിൽ 4 എണ്ണത്തിന് ചോദ്യപേപ്പറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരം (10 മാർക്ക് വീതം) എഴുതണം.

7. A4 സൈസ് പേപ്പറിൽ മുകളിലും ഇടത് വശത്തും താഴെയും ഒരിഞ്ച് മാർജിൻ വിട്ടതിനു ശേഷം അസൈൻമെന്റ് തയ്യാറാക്കേണ്ടതാണ്. അസൈൻമെന്റിന്റെ തുടക്കത്തിൽ CAPITAL LETTERS-ൽ കോഴ്സിന്റെ (പേപ്പറിന്റെ) പേര് എഴുതുക. തുടർന്ന് അടുത്ത പേജിൽ തങ്ങൾ എഴുതുന്ന ആദ്യ ചോദ്യം പകർത്തിയ ശേഷം അതിനുള്ള ഉത്തരം എഴുതുക (നീളമുള്ള ചോദ്യങ്ങൾക്ക് ചോദ്യ നമ്പറും ആദ്യ വാചകവും മതി). ഇതേ രീതി മറ്റു ചോദ്യങ്ങൾക്കും തുടരുക.

8. ഉത്തരങ്ങൾ, വൃത്തിയായും ഭംഗിയായും വായിക്കാൻ കഴിയുന്ന തരത്തിൽ സ്വന്തം കൈപ്പടയിൽ നീല/കറുപ്പ് മഷിയിൽ പേന കൊണ്ട് എഴുതേണ്ടതാണ്. പെൻസിൽ ഉപയോഗിക്കാൻ പാടില്ല. ഉത്തരം ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം (ഭാഷാവിഷയങ്ങൾ ഒഴികെ).

9. ഉത്തരങ്ങൾ വിദ്യാർഥിയുടെ സ്വന്തം വാക്കുകളിൽ എഴുതണം. പുസ്തകങ്ങളിൽ നിന്നോ ഇന്റർനെറ്റ്, AI സോഴ്സുകളിൽ നിന്നോ അതേപടി പകർത്തി അസൈൻമെന്റ് സമർപ്പിക്കാൻ പാടില്ല. മറ്റു വിദ്യാർഥികളുടെ അസൈൻമെന്റ് കോപ്പി ചെയ്ത് സമർപ്പിക്കുന്നതും ശിക്ഷാർഹമാണ്. ഓൺലൈൻ ആയോ ഇമെയിൽ വഴിയോ ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതോ ഫോട്ടോകോപ്പിയോ അനുവദനീയമല്ല. രണ്ടോ അതിലധികമോ വിദ്യാർഥികളുടെ അസൈൻമെന്റുകൾ ഒരേപോലെയോ സമാനമോ ആണെന്ന് മൂല്യനിർണയം നടത്തുന്ന വേളയിൽ കണ്ടെത്തിയാൽ സസ്പെക്ടഡ് കേസ് ഓഫ് മാൽപ്രാക്ടിസ് (SMP) ആയി പരിഗണിച്ച് നടപടികൾ സ്വീകരിക്കും.

10 സ്വന്തം കൈപ്പടയിൽ അസൈൻമെന്റ് എഴുതാൻ കഴിയാത്ത, ഭിന്നശേഷിക്കാരായ വിദ്യാർഥികൾ, ഒരു സഹായിയെ ഉപയോഗിച്ച് എഴുതിയോ അല്ലെങ്കിൽ ടൈപ്പ് ചെയ്തോ അസൈൻമെന്റ് സമർപ്പിക്കാം. ഇതിനുള്ള അനുമതിക്കായി, ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഡയറക്ടർ, സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് -ന് ഒരു അപേക്ഷ സമർപ്പിക്കണം. ടി അപേക്ഷയ്ക്ക് അനുമതി ലഭിക്കുന്ന പക്ഷം, അനുമതിയുടെ ഒരു പകർപ്പ് എല്ലാ സെമസ്റ്ററുകളുടെയും അസൈൻമെന്റുകൾക്കൊപ്പം വയ്ക്കേണ്ടതുമാണ്.

11. എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ ഒരുമിച്ച് സമർപ്പിക്കണം. തിരുത്തലോ വീണ്ടും സമർപ്പണമോ അനുവദനീയമല്ല. ഓരോ കോഴ്സിന്റെയും അസൈൻമെന്റ് വെള്ള നൂലുകൊണ്ട് ടാഗ് ചെയ്യുക. സ്പൈറൽ ബൈൻഡിങ്, ഹാർഡ് കവർ, ലാമിനേഷൻ, പ്ലാസ്റ്റിക് ഷീറ്റുകൾ, നിറമുള്ള കവറുകൾ എന്നിവ അനുവദനീയമല്ല. ഒരു സെമസ്റ്ററിലെ എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ മേൽപ്പറഞ്ഞ പ്രകാരം ടാഗ് ചെയ്തതിനു ശേഷം ഒരു കവറിൽ ഇട്ട് സമർപ്പിക്കണം. കവറിന്റെ പുറത്ത് പ്രോഗ്രാമിന്റെ പേരും എൻറോൾമെന്റ് നമ്പറും എഴുതേണ്ടതാണ്.

12. തയ്യാറാക്കിയ അസൈൻമെന്റ്, **ഡയറക്ടർ, സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്, കണ്ണൂർ സർവകലാശാല,**

General Form of File SLL/SLL1- II/56/2026 Approved by Director incharge (SLL) on 20-Jun-2026 03:57 PM - Page 2

**താവക്കര, സിവിൽ സ്റ്റേഷൻ പി ഒ, കണ്ണൂർ 670002** എന്ന വിലാസത്തിൽ റജിസ്റ്റേഡ് തപാലിലോ പാർസലായോ കുറിയർ വഴിയോ അയയ്ക്കുകയോ സർവ്വകലാശാല താവക്കര ക്യാംപസിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിലെ സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ്ങിൽ നേരിട്ട് എത്തിക്കുകയോ ചെയ്യാവുന്നതാണ്.

13. റജിസ്റ്റേഡ് തപാലിലോ പാർസലായോ കുറിയർ വഴിയോ അസൈൻമെന്റ് ലഭിക്കേണ്ട അവസാന തീയ്യതി **06-07-2026 (തിങ്കളാഴ്ച)**. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന അസൈൻമെന്റുകൾ സ്വീകരിക്കുന്നതല്ല.

14. അസൈൻമെന്റ് നേരിട്ട് സമർപ്പിക്കുന്നവർ, സർവ്വകലാശാല താവക്കര ക്യാംപസിലെ സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ്ങിൽ **06-07-2026 (തിങ്കളാഴ്ച)** വൈകിട്ട് 4.30 വരെ സ്വീകരിക്കുന്നതാണ്. (മറ്റു ദിവസങ്ങളിൽ അസൈൻമെന്റ് നേരിട്ട് സ്വീകരിക്കുന്നതല്ല.)

15. അസൈൻമെന്റിന് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.

16. വിദ്യാർഥികൾ അവരുടെ അസൈൻമെന്റിന്റെയും തപാൽ/കൊറിയർ രസീതിന്റെയും പകർപ്പ് സൂക്ഷിക്കേണ്ടതാണ്.

17. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചല്ലാത്ത അസൈൻമെന്റുകൾ സ്വീകരിക്കുകയോ മൂല്യനിർണയം നടത്തുകയോ ചെയ്യുന്നതല്ല.

*(ഒപ്പ്/-)*

Dr. N K Deepak

Director incharge (SLL) (SLL)

General Form of File SLL/SLL1- II/56/2026 Approved by Director incharge (SLL) on 20-Jun-2026 03:57 PM - Page 3